ഉത്തരം

(എ) ഈ പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരിശോധനയിലിരിക്കുകയാണ്.

(ബി) എസ്റ്റിമേറ്റിന് അനുമതി ലഭിച്ചതിനുശേഷം ലാൻറ് അകവിസിഷൻ നടപടി ആരംഭിക്കുന്നതാണ്.

(സി) എസ്റ്റിമേറ്റിന് സാങ്കേതിക അനുമതിയും ഭരണാനുമതിയും നൽകിയശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടയം–മെഡിക്കൽ കോളേജ്–മാന്നാനം റോഡ്

48 [81] ശ്രീ. പി. ബി. ആർ. പിള്ള; താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം മെഡിക്കൽകോളേജുമുതൽ മാന്നാനം വഴിയുള്ള റോഡ് വീതികൂട്ടി എം. സി. റോഡിനു പാരലലായി ഒരു ബൈപാസ് തുറക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ന്യൂസ്പ്രിൻറ് പ്രൊജക്ട് പ്രവർത്തനക്ഷമമാകുന്നതോടെ വർദ്ധിക്കാവുന്ന വാഹനഗതാഗതം കണക്കിലെടുത്തു കോട്ടയം പട്ടണത്തിനു കിഴക്കുഭാഗത്ത് ഒരു ബൈപാസ് നിർമ്മിക്കുന്നകാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്. തീരുമാനമെടുക്കുന്ന അവസരത്തിൽ ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

കുമരകം–വെച്ചൂർ റോഡ്

49 [82] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകം–വെച്ചൂർ റോഡിൻെറ പണി പൂർത്തിയായി എങ്കിലും മൂന്നു പാലങ്ങൾകൂടി പണിതീർന്നെങ്കിൽ മാത്രമേ ആ റോഡു സഞ്ചാരയോഗ്യമാക്കിത്തീർക്കാൻ സാദ്ധ്യമാകയുള്ളു എന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത പാലങ്ങളുടെ പണി എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഒരു താൽക്കാലിക ക്രമീകരണം എന്നനിലക്ക് ഈ മൂന്നു പാലങ്ങളും പണി തീരുന്നതുവരെ വാഹനങ്ങൾക്ക് യാത്ര ചെയ്യാൻ ചങ്ങാടം സൗകര്യപ്പെടുത്തിക്കൊടുക്കുമോ?

ഉത്തരം

(എ) ഈ പാലങ്ങൾ പണിയുന്നതിനാവശ്യമായ തുക ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതായിട്ടുണ്ട്. അതിലേക്കുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഇക്കാര്യം ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly